നടപ്പിലാക്കിവരുന്നു. ഇവയെല്ലാം പൊതുജന പങ്കാളിത്തത്തോടുകൂടിയ ഒരു സംരക്ഷണമാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

9 (*658) ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിലെ കരാറുകാർക്ക് ഇപ്പോൾ എത്രകോടി രൂപ കുടിശ്ശിക കൊടുക്കുവാനുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇവർക്കു നൽകാൻ എത്രകോടി രൂപയുടെ കുടിശ്ശിക ഉണ്ടായിരുന്നു ;

(സി) കുടിശ്ശിക കൊടുത്തു തീർക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) മലബാർ മേഖലയിലെ കരാറുകാർക്ക് കുടിശ്ശിക അനുവദിക്കുന്നതിന് ആനുപാതിക അലോട്ട്മെന്റ് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ,ബി&സി)

1. റോഡുകളും പാലങ്ങളും	-	500.52 കോടിരൂപ
2. കെട്ടിട വിഭാഗം	-	56.07 കോടിരൂപ
3. നാഷണൽ ഹൈവേസ്	-	9.38 കോടിരൂപ

1. റോഡുകളും പാലങ്ങളും	-	177.07 കോടിരൂപ
2. കെട്ടിട വിഭാഗം	-	17.82 കോടിരൂപ
3. നാഷണൽ ഹൈവേസ്	-	2.21 കോടിരൂപ

ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക പ്രധാനമായും കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയാണ്. കൂടാതെ കുടിശ്ശിക കൊടുത്തു തീർക്കുന്നത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1999-ജൂലൈയിലെ ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ ഈ ആവശ്യത്തിന് 160 കോടിരൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly